"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സീനിയർ ക്ലർക്കായ ശ്രീ. സന്തോഷ് കെ. ആറിന് അനുവദിച്ച പലിശ രഹിത വായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.879/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 06/07/2021

പരാമർശം:- 1. 30.10.2014 ലെ സ.ഉ(സാധാ) നം 2584/14/ഉ വിവ സർക്കാർ ഉത്തരവ്

2. 03.01.2018 ലെ സ.ഉ (സാധാ) നം. 22/2018/ഉവിവ

3. 23.01.2021 തീയ്യതിയിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ എ7/15572/20/ഡി.ടി.ഇ നം.കത്ത്

**ഉത്തരവ്**

കടുത്തുരുത്തി ,ഗവ.പോളിടെക്നിക് കോളേജിലെ സീനിയർ ക്ലാർക്കായി ജോലി നോക്കുന്ന ശ്രീ. സന്തോഷ് കെ.ആർ, ന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 1,70,000/-രൂപ (ഒരു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം ) പലിശ രഹിത ചികിൽസാ വായ്പ അനുവദിച്ചിരുന്നു. ആയതിൽ 77,660 രൂപ ട്രഷറിയിൽ തിരിച്ച് ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്

ടിയാന്റെ പലിശ രഹിത വായ്പ തുകയിൽ നിന്ന് മെഡിക്കൽ റീ ഇംബേഴ്സ്മെൻറ് ക്ലെയിമിൽ അനുവദനീയം എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ കണ്ടെത്തിയ തുക 37150/- ( മുപ്പത്ത് ഏഴായിരത്തി ഒരുന്നൂറ്റി അൻപത് രൂപ മാത്രം ) കിഴിച്ച് ബാക്കി തുക പലിശ കൂടാതെ 10 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കാൻ പരാമർശം(2) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.

ടിയാന്റെ പലിശ രഹിത വായ്പ തുകയിൽ നിന്ന് മെഡിക്കൽ റീ ഇംബേഴ്സ്മെൻറ് ക്ലെയിമിൽ അനുവദനീയം എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ കണ്ടെത്തിയ തുക 37150/- ( മുപ്പത്ത് ഏഴായിരത്തി ഒരുന്നൂറ്റി അൻപത് രൂപ മാത്രം ) യും ട്രഷറിയിൽ ഒടുക്കിയ തുകയും കിഴിച്ച് 55190 രൂപ 2019 ജൂലൈ മുതൽ 2020 മാർച്ച് മാസം വരെയുള്ള 10 മാസത്തെ ശമ്പളത്തിൽ നിന്ന് തിരിച്ച് പിടിച്ചതിന്റെ വിശദമായ സ്റ്റേറ്റ്മെൻറും തിരിച്ചടച്ചതിന്റെ ഷെഡ്യൂളുകളും സഹിതം ടിയാന്റെ പലിശ രഹിത വായ്പ ക്രമീകരിച്ച ഉത്തരവ് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് പരാമർശം(3) പ്രകാരം ഡയറക്ടർ പ്രോപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം(3) ലെ കത്ത് പ്രകാരം സമർപ്പിച്ച ശിപാർശയുടെയും , പലിശ രഹിത വായ്പായിനത്തിൽ തിരിച്ചടയ്ക്കുവാനുള്ള മുഴുവൻ തുകയും തിരിച്ചടച്ചിട്ടുള്ളതും പരിഗണിച്ച് , കടുത്തുരുത്തി ,ഗവ.പോളിടെക്നിക് കോളേജിലെ സീനിയർ ക്ലാർക്കായി ജോലി നോക്കുന്ന ശ്രീ. സന്തോഷ് കെ.ആർ, ന് പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച 1,70,000/-രൂപ (ഒരു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം ) പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
അണ്ടർ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ഒറിജിനൽ ബില്ലുകളും ബന്ധപ്പെട്ട രേഖകളും സഹിതം).
ശ്രീ. സന്തോഷ് കെ.ആർ .സീനിയർ ക്ലാർക്ക്, ഗവ പോളിടെക്നിക് കോളേജ്, കടുത്തുരുത്തി
പ്രിൻസിപ്പൽ ,ഗവ പോളിടെക്നിക് കോളേജ്, കടുത്തുരുത്തി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, കോട്ടയം.
ധനകാര്യ (ലോൺസ്) വകുപ്പ് (27.05.21-ലെ L3/524/2020/Fin നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)

www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ